**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *9** **27.02.2017-ൽ മറുപടിക്ക്**

**<u>ഗുണ്ടാവിരുദ്ധ സ്ക്വാഡ്</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. വി. ആർ. സുനിൽ കുമാർ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാൻ ഗുണ്ടാവിരുദ്ധ സ്ക്വാഡ് രൂപവൽക്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഗുണ്ടകളെക്കുറിച്ചുള്ള വിവരശേഖരണത്തിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | (ബി) ഗുണ്ടകളെക്കുറിച്ചുള്ള വിവരങ്ങൾ സ്റ്റേഷൻ റിക്കോർഡുകൾ പരിശോധിച്ചും ഗുണ്ടാവിരുദ്ധ സ്ക്വാഡിനെ കൊണ്ട് അന്വേഷിപ്പിച്ചും വിശ്വസ്തരായ ആളുകളിൽ നിന്ന് നേരിട്ടും ശേഖരിച്ച് വരുന്നു. കൂടാതെ മുൻകാലങ്ങളിൽ കുറ്റകൃത്യങ്ങളിലുൾപ്പെട്ടവരെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും അവരുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്ത് ക്രിമിനൽ നടപടി നിയമത്തിലെ സുരക്ഷാ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് KAAPA ആക്ട് ഉൾപ്പെടെയുള്ള കർശനമായ നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിച്ച് വരുന്നു. ക്രിമിനൽ സ്വഭാവമുള്ളതും രണ്ടിലധികം ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുമായവരുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചു വരുന്നുണ്ട്. ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് |

രഹസ്യാന്വേഷണ വിഭാഗങ്ങൾ വഴിയാണ് ഇത്തരക്കാരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നത്.

(സി) ഗുണ്ടാ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ;

(സി) ഗുണ്ടാ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസരണമുള്ള വകുപ്പുതല അന്വേഷണം ഉൾപ്പെടെയുള്ള ശക്തമായ നിയമ നടപടികളാണ് സ്വീകരിക്കുന്നത്.

(ഡി) പുതിയ ഗുണ്ടാസംഘങ്ങൾ ഉണ്ടാകുന്നത് തടയാൻ എന്തൊക്കെ കരുതൽ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഡി) നിരന്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നവരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രിമിനൽ നടപടിക്രമത്തിലെയും KAAPA നിയമത്തിലെയും വിവിധ വകുപ്പുകൾ പ്രകാരം കരുതൽ നടപടികൾ സ്വീകരിക്കുകയും ഇവർ ഉൾപ്പെട്ട കേസിൽ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**